കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ഭവനരഹിതർ

204 (4788) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട് ; ഇവർക്ക് എന്നത്തേയ്ക്ക് വീട് വച്ച് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷം ശേഖരിച്ച കണക്കുകൾ പ്രകാരം കാസർഗോഡ് ജില്ലയിൽ വീടുവയ്ക്കാൻ സ്വന്തമായി സ്ഥലസൗകര്യമുള്ള 3173 ഭവന രഹിത പട്ടികവർഗ്ഗക്കാരുണ്ടായിരുന്നു. ആയതിൽ 2014-15 വർഷം വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 221 വീടുകളും, ഹഡ്കോ ഭവന വായ്പാ പദ്ധതി പ്രകാരം 100 വീടുകളും, അഡീഷണൽ ടൈബൽ സബ്പ്ലാൻ പദ്ധതിയിൽപ്പെടുത്തി 325 വീടുകളും അനുവദിച്ചു നൽകിയിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഐ.എ.വൈ. പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയ്ക്ക് 802 വീടുകൾ അനുവദിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷത്തിലും 802 വീടുകൾ ടി പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയ്ക്ക് ഗ്രാമവികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 923 ആണ്. ഭവനരഹിതരായവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ധനസഹായം ഉടനെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോർപ്പസ് ഫണ്ട് വിനിയോഗം

205 (4789) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പസ് ഫണ്ട് മുഖേന പട്ടികവർഗ്ഗ ക്ഷേമത്തിനായി എത്ര രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പ്രോജക്ടധിഷ്ഠിത പദ്ധതികൾക്ക് പ്രാധാന്യം നല്കി വിദ്യാഭ്യാസ ആരോഗ്യ മേഖലകൾ, പുനരധിവാസ പ്രവർത്തനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാലങ്ങൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി/സഹായി സെന്ററുകൾ, കുടിവെള്ളം, വൈദ്യുതി, നൈപുണ്യവികസനം, ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയവയിൽ 2011-12 മുതൽ 2015-16 വരെയുള്ള കോർപ്പസ് ഫണ്ടിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly